| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| ഒമ്പതാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.189 | | 23/01/2018 ൽ മറുപടിക്ക് | |
| **സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുളള വിജിലൻസ് കേസ്** | | | |
| ചോദ്യം | | മറുപടി | |
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന ആരോപണങ്ങളിൽ ഉൾപ്പെട്ടതായ ഏതെങ്കിലും പരാതി സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചാൽ ആ പരാതിയിൻമേൽ QV/PE/VE/SC തുടങ്ങിയ പ്രാഥമിക അന്വേഷണങ്ങൾ നടത്തി പ്രഥമദൃഷ്ട്യാ കുറ്റം തെളിയുകയും അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട തെളിവുകൾ ലഭിക്കുകയും ചെയ്താൽ, ആ ഉദ്യോഗസ്ഥർക്ക് എതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് അഴിമതി നിരോധന നിയമം അനുസരിച്ച് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് അഴിമതി നിരോധനനിയമം അനുസരിച്ച് ആകെ 764 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ട്. ജില്ലതിരിച്ചുളള കണക്ക് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 106<br>കൊല്ലം - 18<br>പത്തനംതിട്ട - 9<br>ആലപ്പുഴ - 32<br>കോട്ടയം - 33<br>ഇടുക്കി - 52<br>എറണാകുളം - 91<br>തൃശ്ശൂർ - 83<br>പാലക്കാട് - 111<br>മലപ്പുറം - 64<br>കോഴിക്കോട് - 81<br>വയനാട് - 16<br>കണ്ണൂർ - 33<br>കാസർകോഡ് - 35 |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i) വിജിലൻസ് വകുപ്പിൽ 24 തസ്തികകൾ (1 AA, 1 SS, 2 JS, 20 Clerk) 16/12/16 ലെ G.O(ms)No.34/2016/vig നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

ii) ബ്യൂറോയുടെ സുഗമമായ പ്രവർത്തനത്തിനായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി iAPS(Internal Administration Processing System) സംവിധാനം നടപ്പിലാക്കി .

iii) വിജിലൻസിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു

iv) വിജിലൻസ് കേസുകൾ/വിജിലൻസ് അന്വേഷണങ്ങൾ എന്നിവ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനായി സി-ഡിറ്റിന്റെ സഹായത്തോടു കൂടി പരിഷ്കരിച്ച വിജിലൻസ് സ്യൂട്ട് നടപ്പിലാക്കിയിട്ടുണ്ട്.

v) വിജിലൻസിനെ കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കുന്നതിനായി കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രോഗ്രാം, ക്രിയേറ്റീവ് വിജിലൻസ് സ്കീം,വിജിലൻസ് അവയർനെസ് പ്രോഗ്രാമുകൾ, അഴിമതിക്കെതിരായ പ്രചാരണാർത്ഥം ഡോക്യുമെന്ററി ആന്റ് മീഡിയ(എഫ്.എം) തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു.

vi) സൈബർ സെൽ (cyber Forensic Lab), COB Messaging മുതലായവ നടത്താനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

vii) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കായി ഒരു പുതിയ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

viii) സൈബർ സെൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വി.എ.സി.ബി-യിലെ 52 ഉദ്യോഗസ്ഥർക്ക് C-DAC ന്റെ ആഭിമുഖ്യത്തിൽ ടെക്നോപാർക്കിൽ വച്ച് സൈബർ ഫോറൻസിക്ക് ട്രൈനിംഗ് നടത്തുകയുണ്ടായി.

ix) നിയമ വിഷയം സംബന്ധിച്ച് വിജിലൻസിലെ ഓഫീസർമാർക്കും വിജിലൻസ് ലീഗൽ വിംങ്ങിലെ ഓഫീസർമാർക്കുമായി ഏകദിന പരിശീലന പരിപാടി നടത്തുകയുണ്ടായി.

x) വി.എ.സി.ബി-യിലെ പുതുതായി നിയമിക്കപ്പെട്ട ഐ.ഒ.പി -മാർക്കും ഡി.വൈ.എസ്.പി-മാർക്കും തിരുവനന്തപുരം ഐ.എം.ജി-യിൽ വച്ച് ഓറിയന്റേഷൻ ട്രെയിനിംഗ് നടത്തിയിട്ടുണ്ട്.

xi) കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി വി.എ.സി.ബി-യിലെ എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാർക്കുമായി ദ്വിദിന കമ്പ്യൂട്ടർ പരിശീലന പരിപാടി പി.റ്റി.സി-യിൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ